'81222/2023

## വനിതാ ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ

(ഹാജർ. പ്രിയങ്ക.ജി. ഐഎഎസ്)

വിഷയം:- വനിതാ ശിശു വികസന വകുപ്പ് – "വിവ" പ്രോഗ്രാം- സൈക്കോ സോഷ്യൽ സ്കൂൾ കൗൺസിലേഴ്സ്-സ്കൂൾ കുട്ടികൾക്ക് ബോധവൽക്കരണക്ലാസ് നടത്തുന്നതിന് ചെലവാകുന്ന തുക അനുവദിച്ച് ഉത്തരവാകുന്നു.

പരാമർശം: 1. 04.01.2023 ലെ വർക്കിംഗ് ഗ്രൂപ്പ് തീരുമാനം.

2. 23.01.2023 തീയതിയിലെ സ. ഉ. (സാധാ) നം39/2023/വശിവിവ സർക്കാർ ഉത്തരവ്

**ഉത്തരവ് നം. DWCD/5809/2022-ICDSB2 തീയതി: 14-02-2023**

കേരളത്തിലെ സ്ത്രീകൾക്കിടയിലെ വിളർച്ച എന്ന പ്രശ്നം പഠിക്കുവാനും വിളർച്ച നിർമ്മാർജ്ജനം ചെയ്യുവാനുമുള്ള പരിപാടികൾ ആവിഷ്കരിക്കുവാനും ബഹു.മുഖ്യമന്ത്രി നിർദ്ദേശിച്ചിരുന്നു. ഇതിന്റെ ഭാഗമായി "വിവ" ,വിളർച്ചയിൽനിന്നും വളർച്ചയിലേക്ക് ,എന്ന പരിപാടി ആരോഗ്യ വകുപ്പും വനിത ശിശുവികസന വകുപ്പും ചേർന്ന് ആവിഷ്കരിക്കുകയുണ്ടായി.

വിളർച്ചയെ കുറിച്ചുള്ള ബോധവൽക്കരണ പരിപാടി സ്കൂൾ തലത്തിൽ സൈക്കോസോഷ്യൽ സ്കൂൾ കൗൺസിലേഴ്സ് മുഖാന്തിരം നടത്തേണ്ടതുണ്ട് . പ്രസ്തുത ബോധവൽക്കരണ ക്ലാസ് നടത്തുന്നതിനുള്ള ചെലവ് ഇനത്തിൽ ഒരു സ്കൂൾ കൗൺസിലറിന് 500/- രൂപ നിരക്കിൽ 1012 സ്കൂൾ കൗൺസിലർമാർക്ക് ആകെ 5,06,000/-രൂപ (അഞ്ച് ലക്ഷത്തി ആറായിരം രൂപ മാത്രം) പരാമർശ പ്രകാരം സർക്കാർ അനുവദിച്ച് ഉത്തരവായിട്ടുണ്ട് . ടി തുക ചുവടെ പട്ടികയിൽ വിവരിക്കും പ്രകാരം എല്ലാ ജില്ലാ വനിത ശിശുവികസന ഓഫീസർമാർക്കും അനുവദിച്ച് ഇതിനാൽ ഉത്തരവാകുന്നു. ടി തുക ജില്ലാ വനിത ശിശുവികസന ഓഫീസർമാർ ബന്ധപ്പെട്ട ശിശു വികസന പദ്ധതി ഓഫീസർമാർക്ക് അലോട്മെന്റായി നൽകേണ്ടതാണ് .പ്രസ്തുത തുക ബോധവൽക്കരണ ക്ലാസുകൾക്ക് ആവശ്യമായ ബാനർ,ഡോക്യുമെന്റേഷൻ തുടങ്ങിയ ചെലവുകൾക്കായി ഉപയോഗിക്കേണ്ടതാണ്.

| ക്രമ നം. | ജില്ല | സൈക്കോ സോഷ്യൽ സ്കൂൾ കൗൺസിലർമാരുടെ എണ്ണം | അനുവദിക്കേണ്ടുന്ന തുക (Rs.500/each) | റിമാർക്സ് |
|---|---|---|---|---|
| 1. | തിരുവനന്തപുരം | 78 | 39000 | |
| 2. | കൊല്ലം | 87 | 43500 | |
| 3. | പത്തനം തിട്ട | 47 | 23500 | |
| 4. | ആലപ്പുഴ | 58 | 29000 | |
| 5. | കോട്ടയം | 61 | 30500 | |
| 6. | ഇടുക്കി | 69 | 34500 | |
| 7. | എറണാകുളം | 68 | 34000 | |
| 8. | തൃശ്ശൂർ | 77 | 38500 | |
| 9. | പാലക്കാട് | 79 | 39500 | |
| 10. | മലപ്പുറം | 97 | 48500 | |
| 11. | കോഴിക്കോട് | 79 | 39500 | |
| 12. | വയനാട് | 60 | 30000 | |
| 13 | കണ്ണൂർ | 94 | 47000 | |

| | | | |
|---|---|---|---|
| 14 | കാസർഗോഡ് | 58 | 29000 |
| | **ആകെ** | 1012 | 506000 |

അനുവദിച്ചിട്ടുള്ള സ്കൂളുകളിൽ ഏതിലെങ്കിലും സ്കൂൾകൗൺസിലേഴ്സ് നിലവിൽ ഇല്ലാത്ത സാഹചര്യങ്ങളിൽ മറ്റ സ്കൂൾകൗൺസിലേഴ്സനെ ഉപയോഗപ്പെടുത്തി ക്ലാസ്സ് നടത്തുന്നതിനുള്ള ക്രമീകരണങ്ങൾ പ്രോഗ്രാം ഓഫീസർമാർ സ്വീകരിക്കേണ്ടതാണ്. ഈ കാര്യാലയത്തിൽ നിന്നും നൽകുന്ന അനീമിയ സംബന്ധിച്ച നോട്ട് ഉപയോഗപ്പെടുത്തി ടി പരിപാടി ഫെബ്രുവര് 20 മുതൽ 28 വരെ തീയതികളിൽ നടത്തേണ്ടതാണ്.

മേൽ പ്രകാരം സൈക്കോസോഷ്യൽ സ്കൂൾ കൗൺസിലേഴ്സ് മുഖാന്തിരം നടത്തുന്ന അനീമിയ നിർമാർജ്ജന ബോധവൽക്കരണ ക്ലാസിന്റെ ആകെ ചെലവ് തുകയായ 5,06,000/- (അഞ്ച് ലക്ഷത്തി ആറായിരം രൂപ മാത്രം) രൂപ നടപ്പ് സാമ്പത്തിക വർഷത്തെ 2235-02-102-62-01-34-3 (P) എന്ന ശീർഷകത്തിൽ നിന്നും വിനിയോഗിക്കേണ്ടതാകുന്നു.

നിർദ്ദേശപ്രകാരം ബോധവൽക്കരണ ക്ലാസ് നടത്തി ആയതിന്റെ ക്രോഡീകരിച്ച റിപ്പോർട്ടും വിനിയോഗ സർട്ടിഫിക്കറ്റും മാർച്ച് 15 നകം എല്ലാ പ്രോഗ്രാം ഓഫീസർമാരും wcdsb2@gmail.com എന്ന മെയിലിൽ സമർപ്പിക്കേണ്ടതാണ്.

എല്ലാ ജില്ലാ വനിത ശിശുവികസന
ഓഫീസർമാർക്ക്

PRIYANKA G
**വനിത ശിശു വികസന ഡയറക്ടർ**

പകർപ്പ്

1. എല്ലാ പ്രോഗ്രാം ഓഫീസർമാർക്ക്
2. സൂപ്രണ്ട്. അക്കൗണ്ട് സെക്ഷൻ
3. സൂപ്രണ്ട്. പ്ലാൻ സെക്ഷൻ
4. സ്റ്റോക്ക് ഫയൽ സ്പെയർ.

Signed by Priyanka G
Date 14-02-2023 13:23:25